**PROGRAMME FOR**

**GIFTED AND TALENTED CHILDREN**

# സാമൂഹ്യശാസ്ത്രം

PGTC

2015-16

**DIET , KASARAGOD**

# മുഖമൊഴി

ഏഴാം ക്ലാസിൽ പഠിക്കുന്ന; പഠനപ്രവർത്തനങ്ങളിൽ മുന്നിട്ടു നിൽക്കുന്ന വിദ്യാർത്ഥികളെ ഉദ്ദേശിച്ചു തയ്യാറാക്കിയ ചില പ്രവർത്തനങ്ങളാണ് ഇവിടെ പരിചയപ്പെടുത്തുന്നത്. സാമൂഹ്യശാസ്ത്രത്തിലെ വിവിധ മേഖലകളിൽ കുട്ടികൾക്ക് കൂടുതൽ പരിജ്ഞാനമാർജിക്കാനുതകുന്ന പ്രവർത്തനങ്ങളാണിവ. ഏഴാം ക്ലാസിലെ പാഠപുസ്തകത്തെയും ടീച്ചർ ടെക്സ്റ്റിനേയും ആധാരമാക്കിയാണീ പ്രവർത്തനങ്ങൾ തയ്യാറാക്കിയത്. അതോടൊപ്പം രണ്ട് സെറ്റ് മാതൃകാ ചോദ്യങ്ങളും ചേർക്കുന്നു. ഇവിടെ പരാമർശിക്കുന്ന പ്രവർത്തനങ്ങളും മാതൃകാ ചോദ്യ പേപ്പറും അവസാന വാക്കല്ല. ഇതിലും മെച്ചപ്പെട്ട പ്രവർത്തനങ്ങൾ നൽകാൻ പ്രപ്തരായ അധ്യാപകർക്ക് മുന്നിൽ ഒരു മാതൃക അവതരിപ്പിക്കുന്നുവെന്ന് മാത്രം. അധ്യാപകർക്ക് കൂടുതൽ മെച്ചപ്പെട്ട പ്രവർത്തനങ്ങൾ നൽകാൻ ഇവ പ്രേരകമാകുമെന്ന് കരുതുന്നു.

അതോടൊപ്പം സാമൂഹ്യശാസ്ത്രത്തിന്റെ വിഭിന്ന മേഖലകളിൽ കൂടുതൽ വിജ്ഞാനമാർജിക്കാൻ പത്രങ്ങളും ആനുകാലികങ്ങളും വായിക്കാൻ പ്രേരകമാകുന്ന പ്രവർത്തനങ്ങൾ കണ്ടെത്തേണ്ടതുണ്ട്. കുട്ടികൾക്ക് വിവിധ മത്സരപരീക്ഷകൾ ആത്മവിശ്വാസത്തോടെ നേരിടാൻ പത്രപാരായണശീലവും വാർത്തകൾ കുറിച്ചുവെക്കാനുള്ള ശീലവും വളർത്തേണ്ടതുണ്ട്. അതിന് സഹായകമാകുന്ന പൊതുവിജ്ഞാനത്തിലെ പുതുവിജ്ഞാനം എന്ന പ്രവർത്തനം ഇതിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

○○○○○○○○○○○○○○

# P.G.T.C

Outcome: ഏഴാം ക്ലാസിൽ പഠിക്കുന്ന; പഠനപ്രവർത്തനങ്ങളിൽ മുന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് സാമൂഹ്യശാസ്ത്രമേഖലയിൽ ആവശ്യമായ പഠനപിന്തുണ നൽകാൻ കഴിയുന്നു.

സാമഗ്രികൾ : Support Material Prepared by DIET Kasaragod

പ്രവർത്തനം: ഒരു മത്സരത്തിന് തയ്യാറാണോ ? **RP** ചോദ്യം ഉന്നയിക്കുന്നു.

സപ്പോർട്ട് മെറ്റീരിയലിലുള്ള പൊതുവിജ്ഞാനത്തിലെ പൊതുവിജ്ഞാനം എന്ന ഭാഗത്തിലെ 10 ചോദ്യങ്ങൾ അവതരിപ്പിക്കുന്നു. വ്യക്തിഗതമായി ഇതിന്റെ ഉത്തരങ്ങൾ കുറിക്കുന്നു. ഉത്തരസൂചിക പരിചയപ്പെടുത്തുന്നു. മികച്ച നേട്ടത്തെ കൈയ്യടിച്ച് അംഗീകരിക്കുന്നു ഇത്തരത്തിൽ ഏഴാംതരത്തിലെ പാഠഭാഗങ്ങളുമായി ബന്ധപ്പെട്ടതോ സമകാലിക സംഭവങ്ങൾ ഉൾപ്പെടുന്നതോ ആയ അഞ്ച് വീതം ചോദ്യങ്ങൾ ജോടികളായി അവതരിപ്പിക്കുന്നു.

Material - ൽ വ്യത്യസ്ത മേഖലകളിൽ നൽകിയിരിക്കുന്ന പ്രവർത്തനങ്ങളെ പരിചയപ്പെടുത്താനായി നൽകുന്നു.

ഇതിന്റെ പ്രയോഗസാധ്യതകൾ Random ആയി അവതരിപ്പിക്കുന്നു. ഇതിന്റെ ന്യൂനതകളും ചർച്ച ചെയ്യുന്നു. Material മെച്ചപ്പെടുത്താനുള്ള നിർദ്ദേശങ്ങളും ക്ലാസ് റൂമിൽ പ്രയോഗിക്കാനുള്ള മറ്റ് സാധ്യതകളും സമയക്രമവും മറ്റും ചർച്ചയ്ക്ക് വിധേയമാക്കുന്നു.

RP യുടെ ക്രോഡീകരണം.

ലഭ്യമായ പരിശീലനസമയം പ്രയോജനപ്പെടുത്തികൊണ്ട് കുട്ടികൾക്ക് വ്യത്യസ്ത രീതിയിലുള്ള പഠനപ്രവർത്തനങ്ങളിലൂടെ കടന്നുപോകാൻ അവസരമൊരുക്കണം.

## Questions and Activities prepared on the second part of text book ( VIIth SS)

Activities

1. പട്ടിക ക്രമപ്പെടുത്തൽ
2. നവോത്ഥാന പ്രശ്നോത്തരി
3. ആശയസൂര്യൻ
4. സമയരേഖ
5. ചരിത്രപുരുഷൻ
6. ചരിത്രസംഭവം
7. ശരിയോ തെറ്റോ
8. ഭരണഘടന - അധിക വിവരങ്ങൾ
9. പൊതുവിജ്ഞാനത്തിലെ പുതുവിജ്ഞാനം - QUIZ
10. പിരമിഡ് നിർമ്മാണം
11. ചിത്രം - കൂട്ടിച്ചേർക്കൽ
12. ഭൂപടം - കണ്ടെത്തൽ
13. റിവേഴ്സ് ക്വിസ്
14. ഫ്ളോചാർട്ട്
15. ഇലച്ചാർത്ത് നിറയ്ക്കാമോ

### പ്രവർത്തനങ്ങളുടെ വിശദീകരണം

1. പട്ടിക ക്രമപ്പെടുത്തൽ എന്ന പ്രവർത്തനം എട്ടാം അധ്യായമായ നവകേരള സൃഷ്ടിക്കായ് എന്നതിനെ അടിസ്ഥാനമാക്കിയാണ്. ആ പാഠഭാഗം വായനാസാമഗ്രിയായി ഉപയോഗിച്ച് തന്നിരിക്കുന്ന പട്ടിക ക്രമപ്പെടുത്താൻ കുട്ടികൾക്ക് നിർദ്ദേശം നൽകുക.
2. 'നവകേരള സൃഷ്ടിക്കായ് 'എന്ന പാഠഭാഗം വായിച്ചതിനു ശേഷം നടത്താവുന്ന ഒരു പ്രശ്നോത്തരിയുടെ ചോദ്യങ്ങൾ നൽകിയിരിക്കുന്നു. കൂടുതൽ ചോദ്യം ഉൾപ്പെടുത്തുമല്ലോ ?
3. പദസൂര്യൻ എന്നതിനു പകരം ആശയസൂര്യൻ എന്ന് ഉപയോഗിച്ചു. 'ഗാന്ധിജിയും സ്വാതന്ത്ര്യസമരവും' എന്ന പാഠഭാഗവും ( 9 -ാം അധ്യായം ) 'ഇന്ത്യ പുതുയുഗത്തിലേക്ക്'' എന്ന പാഠഭാഗവും ( 4 -ാം അധ്യായം ) അടിസ്ഥാനമാക്കി ഇത് ചെയ്യാൻ നിർദ്ദേശിക്കുക. ഗാന്ധിജിയുമായി ബന്ധപ്പെട്ട വസ്തുതകളുടെ സൂചനകൾ അതിനു ചുറ്റും എഴുതുക. പിന്നീട് ഈ സൂചനകളിലെ ആശയം പറയാനാവശ്യപ്പെടുക.

4. സ്വാതന്ത്ര്യസമരത്തിലെ ഗാന്ധിയൻയുഗത്തിലെ നാഴികക്കല്ലുകൾ ഉൾപ്പെടുത്തി തന്നിരിക്കുന്ന സമയരേഖ ( Time Line ) പൂർണ്ണമാക്കാൻ കുട്ടികളോട് ആവശ്യപ്പെടുക.
5. ചരിത്രപുരുഷനെ കണ്ടെത്താമോ എന്നത് ഒരു മത്സരമായി അവതരിപ്പിക്കാം. ആദ്യത്തെ സൂചനയിൽ തന്നെ ചരിത്രപുരുഷനെ കണ്ടെത്തിയാൽ 10 പോയന്റും രണ്ടാമത്തെതിലാണെങ്കിൽ 5 പോയന്റും. മൂന്നാമത്തെ സൂചനയിലാണെങ്കിൽ 3 പോയന്റും ഇടുക. ഈ കളിയിൽ ആര് ജയിക്കുമെന്ന് കണ്ടെത്തുക. ഇതുപോലെ കൂടുതൽ ചോദ്യങ്ങൾ രൂപപ്പെടുത്താൻ കുട്ടികളോട് പറയുക.
6. പ്രവർത്തനം അഞ്ച് ചെയ്തത് പോലെ ചെയ്യുക.
7. പത്താം അധ്യായത്തെ അടിസ്ഥാനമാക്കി ചെയ്യേണ്ട ലളിതമായ ഒരു പ്രവർത്തനം . കൂടുതൽ പ്രസ്താവനകൾ ഇതിനോട് ചേർക്കുമല്ലോ.
8. ഇന്ത്യൻ ഭരണഘടനയെക്കുറിച്ചുള്ള അധികവിവരങ്ങൾ നൽകാൻ ഈ പ്രവർത്തനം സഹായിക്കും. ഇതിന്റെ സൂചനകൾ ടീച്ചർ ടെക്സ്റ്റിൽ ഉണ്ട്.
9. ആനുകാലിക വിവരങ്ങൾ അറിയാനും അത് എഴുതിവെക്കാനും അതുവഴി പൊതുവിജ്ഞാനം വർദ്ധിപ്പിക്കാനും പ്രേരിപ്പിക്കാൻ കഴിയുന്ന രീതിയിൽ പ്രശ്നോത്തരി സംഘടിപ്പിക്കുക. കൂടുതൽ ചോദ്യങ്ങൾ ഉൾക്കൊള്ളിക്കുമല്ലോ?
10. പത്താം അധ്യായത്തിലെ സ്വതന്ത്രനീതിന്യായ വ്യവസ്ഥ എന്ന ഖണ്ഡിക പരിചയപ്പെടുത്തിയതിനുശേഷം കുട്ടികളോട് പിരമിഡ് നിർമ്മിക്കാനാവശ്യപ്പെടുക. ഈ പിരമിഡിനെ ആധാരമാക്കി ചോദ്യങ്ങൾ നിർമ്മിക്കുക. കൂടുതൽ വിവരങ്ങൾ നൽകാൻ ശ്രമിക്കുമല്ലോ?
11. അക്ഷാംശരേഖകളെയും രേഖാംശരേഖകളേയും കുറിച്ച് കുട്ടികൾ പഠിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട ലഘുചോദ്യങ്ങൾ ചോദിക്കുക. പിന്നീട് പ്രധാന അക്ഷാംശരേഖകളുടെ പേരും ഡിഗ്രി അളവും എഴുതാനാവശ്യപ്പെടുക. ഇവയെ താപീയ മേഖലയുമായി ബന്ധപ്പെടുത്താൻ നിർദ്ദേശിക്കുക. പന്ത്രണ്ടാം അധ്യായവുമായി ബന്ധപ്പെടുത്തിയാണ് ഇത് ചെയ്യേണ്ടത്.
12. പതിമൂന്നാം അധ്യായത്തിന് ശേഷം ചെയ്യേണ്ട പ്രവർത്തനമാണിത്. ഭൂപടം കുട്ടികൾക്ക് നൽകിയതിനുശേഷം അനുബന്ധമായി നൽകിയ ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്താൻ കുട്ടികൾക്ക് നിർദ്ദേശം നൽകുക.
13. പന്ത്രണ്ടാം അധ്യായം പഠിച്ചതിന് ശേഷം കുട്ടികൾ ചെയ്യേണ്ട ഒരു പ്രവർത്തനം. ഒന്നു മുതൽ എട്ട് വരെയുള്ള കാര്യങ്ങൾ ഉത്തരമായി വരുന്ന ചോദ്യങ്ങൾ ഉണ്ടാക്കാൻ കുട്ടികളോട് പറയുക.
14. പന്ത്രണ്ടാം അധ്യായവുമായി ബന്ധപ്പെട്ട ഫ്ളോചാർട്ട് പൂർത്തിയാക്കാൻ നൽകുക.
15. ഇന്ത്യയിലെ നൈസർഗിക സസ്യജാലങ്ങളും അവയിലെ ജന്തുക്കളും വ്യക്തമാക്കുന്ന ഒരു പ്രവർത്തനമാണിത്. ഇലഞെട്ടിൽ സസ്യജാലത്തിന്റെ പേരും ഇലയിൽ ഓരോന്നിന്റെയും പ്രത്യേകതകളുടെ സൂചനയും എഴുതുക.

## I  കേരളീയ നവോത്ഥാനവുമായി ബന്ധപ്പെട്ട് പട്ടിക ക്രമപ്പെടുത്താമോ ?

| | | | |
|---|---|---|---|
| 1 | വൈകുണ്ഠസ്വാമികൾ | A | എസ്.എൻ.ഡി.പി |
| 2 | ചട്ടമ്പിസ്വാമികൾ | B | മുസ്ലീം ഐക്യസംഘം |
| 3 | ശ്രീനാരായണ ഗുരു | C | സമത്വസമാജം |
| 4 | അയ്യങ്കാളി | D | ആത്മവിദ്യാ സംഘം |
| 5 | വക്കം അബ്ദുൾഖാദർ മൗലവി | E | സാധുജനപരിപാലന സംഘം |
| 6 | കുമാരഗുരുദേവൻ | F | പ്രത്യക്ഷ രക്ഷാദൈവ സഭ |
| 7 | വാഗ്ഭടാനന്ദൻ | G | പന്മന ആശ്രമം |

| | |
|---|---|
| a | യുദ്ധ വിരുദ്ധ ജാഥ |
| b | സ്വദേശാഭിമാനി പത്രം |
| c | കല്ലുമാല സമരം |
| d | ഏകദൈവ വിശ്വാസം |
| e | മനുഷ്യത്വമാണ് മനുഷ്യന്റെ ജാതി |
| f | ചാന്നാർ ലഹള |
| g | വിദ്യയും വിത്തവും |

## II  പ്രകാശഗോപുരങ്ങൾ


കേരളത്തെ പുതുയുഗത്തിലേക്ക് നയിച്ച സാമൂഹ്യപരിഷ്കർത്താക്കളെക്കുറിച്ചുള്ള പ്രശ്നോത്തരി.

1. ബ്രിട്ടീഷ് ഭരണത്തെ വെൺനീചഭരണമെന്ന് വിശേഷിപ്പിച്ചതാര് ?
2. ശ്രീനാരായണ ഗുരു രചിച്ച ഏത് കൃതിയുടെ ശതാബ്ദിയാണ് 2014- ൽ ആചരിച്ചത്?
3. 'പ്രാചീനമലയാളം' എന്ന കൃതി രചിച്ചതാര്?
4. അധഃസ്ഥിതരുടെ സഞ്ചാരസ്വാതന്ത്ര്യത്തിനായി 'വില്ലു വണ്ടി സമരം' നയിച്ചതാര്?
5. ശ്രീനാരായണഗുരു ആദ്യമായി 'കണ്ണാടി പ്രതിഷ്ഠ' നടത്തിയ ക്ഷേത്രം എവിടെയാണ്?
6. 'കേരളീയനവോത്ഥാനത്തിന്റെ പിതാവ് ' എന്നു വിശേഷിപ്പിക്കുന്നതാരെ ?
7. 'സ്വദേശാഭിമാനി' എന്ന പേരിലറിയപ്പെട്ട പത്രാധിപർ ആരായിരുന്നു ?
8. നമ്പൂരിസമുദായത്തിലെ നവോത്ഥാനത്തിന് നേതൃത്വം നൽകിയ 'ഭട്ടതിരി'ത്രയം ആരെല്ലാം?
9. 'ഭട്ടതിരി'ത്രയം രചിച്ചനവോത്ഥാന നാടകത്രയം ഏതെല്ലാം ?
10. നമ്പൂതിരി സമുദായത്തിലെ സ്ത്രീകളുടെ മനുഷ്യാവകാശങ്ങൾക്കായി പൊരുതിയ വനിതാനേതാക്കൾ ആരെല്ലാം ?


11. 'ജാതി വേണ്ട, മതം വേണ്ട, ദൈവം വേണ്ട, മനുഷ്യന്' എന്ന് പ്രഖ്യാപിച്ച ശ്രീനാരായണഗുരു ശിഷ്യൻ ആര്?
12. കേരളത്തിലെ 'എബ്രഹാം ലിങ്കൺ' എന്നറിയപ്പെട്ട സാമൂഹ്യപരിഷ്കർത്താവാര്?
13. മലബാറിൽ വിദ്യാഭ്യാസ വിപ്ലവത്തിന് നേതൃത്വം നൽകിയ ഒരു സംഘടനയാണ് B.E.M, ഇതിന്റെ പൂർണ്ണരൂപമെന്ത് ?

## III സ്വാതന്ത്ര്യസൂര്യൻ

മഹാത്മജിയുമായി ബന്ധപ്പെട്ട ആശയസൂര്യൻ വിപുലീകരിക്കാമോ



**IV** ഇന്ത്യൻ സ്വാതന്ത്ര്യ സമരവുമായി ബന്ധപ്പെട്ട സമയ രേഖ ( Time Line) പൂർത്തിയാക്കാമോ ?




**V** സൂചനകളിൽ നിന്നും ചരിത്രപുരുഷനെ കണ്ടെത്താമോ ?

A
1. ഭാരതരത്നം ലഭിച്ച ആദ്യ വിദേശിയൻ.
2. ഇന്ത്യയുടെ സ്വാതന്ത്ര്യത്തിനായി പ്രവർത്തിച്ചു.
3. അതിർത്തി ഗാന്ധി എന്നറിയപ്പെടുന്നു.

B
1. ജാലിയൻ വാലാബാഗ് കൂട്ടക്കൊലയ്ക്ക് കാരണക്കാരനായ മൈക്കിൾ .ഒ. ഡയറിനെ വധിച്ചു.
2. വിചാരണവേളയിൽ പേര് 'രാം മുഹമ്മദ് സിംഗ് ആസാദ്' എന്നു പറഞ്ഞു.
3. 1940 ജൂലൈ 31 ന് തൂക്കിലേറ്റപ്പെട്ടു.

C
1. ഗാന്ധിജിയോടൊപ്പം ഉപ്പു സത്യാഗ്രഹത്തിൽ പങ്കെടുത്തു.
2. ഇന്ത്യൻ നാഷണൽ കോൺഗ്രസ് അധ്യക്ഷയായ ആദ്യ ഇന്ത്യൻ വനിത.
3. സ്വതന്ത്ര്യ ഇന്ത്യയിലെ ആദ്യത്തെ വനിതാ ഗവർണർ
4. ഏഷ്യയിലെ വാനമ്പാടി എന്നറിയപ്പെടുന്നു.

D
1. ഇന്ത്യയുടെ ആദ്യ നിയമ മന്ത്രി.
2. മൂന്ന് വട്ടമേശ സമ്മേളനങ്ങളിലും പങ്കെടുത്തു.
3. ഇന്ത്യൻ ഭരണഘടനയുടെ ശില്പി.

E
1. സ്വാതന്ത്ര്യസമര സേനാനിയായ ഡോക്ടർ
2. രാഷ്ട്രപതി തിരഞ്ഞെടുപ്പിൽ മത്സരിച്ചു.
3. I.N.A യുടെ വനിതാ വിഭാഗത്തിൽ നേതാവ്.

F
1. 1948 – ൽ അന്തരിച്ച സ്വാതന്ത്ര്യസമര സേനാനി.
2. പാകിസ്ഥാന്റെ രാഷ്ട്രപിതാവ്
3. പാകിസ്ഥാന്റെ ആദ്യ ഗവർണർ ജനറൽ
4. ഇന്ത്യാ വിഭജനത്തിനു വേണ്ടി വാദിച്ചു.

## VI ചരിത്രസംഭവമേത്

1. a) വാഗൺ ട്രാജഡി ഇതിന്റെ ഭാഗമാണ്.
   b) ആലി മുസലിയാർ, വാരിയം കുന്നത്ത് കുഞ്ഞഹമ്മദ്ഹാജി എന്നിവർ നേതൃത്വം നൽകി.
   c) ഏറനാട്, വള്ളുവനാട്, പൊന്നാനി താലൂക്കുകളിലെ കർഷകരായിരുന്നു ഇതിനു പിന്നിൽ.
2. a) അയിത്തോച്ഛാടനത്തിനായി ഇന്ത്യയിൽ നടന്ന പ്രധാന സമരങ്ങളിലൊന്ന്.
   b) ക്ഷേത്രപ്രവേശനവിളംബരത്തിന് പ്രചോദനമായ സംഭവം
   c) ഈ സമരത്തിന് പിന്തുണയേകി മന്നത്ത് പത്മനാഭൻ സവർണ്ണ ജാഥ നയിച്ചു.
3. a) 1942 ആഗസ്റ്റ് 9 ന് ആരംഭിച്ചു
   b) പ്രവർത്തിക്കുക അല്ലെങ്കിൽ മരിക്കുക
   c) അരുണ ആസഫലി ഈ സമരത്തിലെ നായിക

## VII ഇന്ത്യൻ ഭരണഘടനയുമായി ബന്ധപ്പെട്ട ചില പ്രസ്താവനകൾ ചുവടെ കൊടുക്കുന്നു. തെറ്റോ ശരിയോ എന്ന് കണ്ടെത്തുക.

1. ഭരണഘടനാ നിർമ്മാണസഭ ഭരണഘടനയ്ക്ക് അംഗീകാരം നൽകിയത് 1949 നവംബർ 26 നാണ്.
2. ഭരണഘടനയുടെ ആമുഖം എഴുതിയത് ഡോ. ബി.ആർ. അംബേദ്കറാണ്.
3. ഭരണഘടനാ നിർമ്മാണസഭയുടെ താൽക്കാലിക അധ്യക്ഷൻ ഡോ. സച്ചിദാനന്ദ സിൻഹ ആയിരുന്നു.
4. ഭരണഘടന നിർമ്മാണസഭയുടെ അധ്യക്ഷൻ ജവഹർലാൽ നെഹ്റു ആയിരുന്നു.
5. ഇന്ത്യൻ ഭരണഘടനയിൽ 12 പട്ടികകൾ ഉണ്ട്.

**VIII** **ഇന്ത്യൻ ഭരണഘടനയിലെ ആശയങ്ങൾ ഏതേത് രാജ്യങ്ങളിൽ നിന്നും സ്വീകരിച്ചതാണെന്ന് കണ്ടെത്താമോ?**


| | | |
|---|---|---|
| i. | പാർലിമെന്ററി ഭരണസമ്പ്രദായം. | |
| ii. | മൗലിക അവകാശങ്ങൾ | |
| iii. | മൗലിക കർത്തവ്യങ്ങൾ | |
| iv. | നിർദ്ദേശക തത്വങ്ങൾ | |
| v. | സംയുക്ത ഭരണ വ്യവസ്ഥ | |
| vi. | സ്വതന്ത്ര്യ നിതിന്യായ വ്യവസ്ഥ | |
| vii. | ഭരണഘടനാഭേദഗതി | |

[ a) ബ്രിട്ടൻ (b) യു.എസ്.എ (c) ദക്ഷിണാഫ്രിക്ക (d) കാനഡ (e) അയർലന്റ് ( f ) സോവിയറ്റ് യൂണിയൻ]


**IX** **പൊതുവിജ്ഞാനത്തിലെ പുതു വിജ്ഞാനം. - പ്രശ്നോത്തരി**


1) ആസൂത്രണകമ്മീഷനു പകരം ഇന്ത്യയിൽ രൂപം കൊണ്ട സംവിധാനമേത്?
2) 2015- ലെ സമാധാന നോബൽ സമ്മാനം ലഭിച്ച ട്യുണീഷ്യൻ പൗരാവകാശ കൂട്ടായ്മ യുടെ പേരെന്ത് ?
3) അഭയാർത്ഥികളുടെ പ്രശ്നം ലോകസമൂഹത്തിന്റെ മുന്നിലെത്തിച്ച സിറിയൻ ബാലൻ ഐലാൻ കുർദിയുടെ വേദനിപ്പിക്കുന്ന ചിത്രം എടുത്ത ഫോട്ടോഗ്രാഫർ ആരായിരുന്നു?
4) 2015 - ലെ രാജീവ് ഗാന്ധി ഖേൽരത്ന നേടിയ ടെന്നീസ് താരം ?
5) ഇപ്പോഴത്തെ ( 2015 ഒക്ടോബർ ) മുഖ്യ ഇലക്ഷൻ കമ്മീഷണർ ആര്?
6) ഇപ്പോഴത്തെ സുപ്രീ കോടതി ചീഫ് ജസ്റ്റീസ് ആര്?
7) 16-ാം ലോകസഭയിലേക്ക് ആംഗ്ലോ ഇന്ത്യൻ പ്രതിനിധിയായി നാമനിർദ്ദേശം ചെയ്യപ്പെട്ട മലയാളി ആര്?
8) 2015-ൽ അർജുന അവാർഡ് നേടിയ ഏക മലയാളി ?
9) ഡോ. എ.പി.ജെ. അബ്ദുൾ കലാമിന് ഭാരതരത്നം ലഭിച്ച വർഷം ?
10) ഇന്ത്യയിൽ നിയമനിർമ്മാണ രംഗത്ത് വിപ്ലവം കുറിച്ച ഒരു നിയമത്തിന്റെ 10-ാം വാർഷികമാണ് 2015 ഒക്ടോബർ 12- ന് നടക്കുന്നത്. ഏത് നിയമം ?

**X** **സൂചനകളനുസരിച്ച് പിരമിഡിന്റെ നിർമ്മാണം പൂർത്തിയാക്കാമോ ?**




**XI** **താപീയ മേഖലയുടെ ചിത്രം കൂടുതൽ വ്യക്തമാക്കാമോ ?**




| | ഡിഗ്രി അളവ് | അക്ഷാംശരേഖയുടെ പേര് |
|---|---|---|
| **A** | | |
| **B** | $66\frac{1}{2}^{\circ}$N | |
| **C** | | |
| **D** | | |
| **E** | | |
| **F** | $66\frac{1}{2}^{\circ}$S | അന്റാർട്ടിക് വൃത്തം |
| **G** | | |

## XII <u>Reverse Quiz</u>

താഴെ പറയുന്ന ഉത്തരങ്ങൾ വരുന്ന ചോദ്യങ്ങൾ രൂപപ്പെടുത്താമോ ?

a) തെർമോമീറ്റർ
b) ഡിഗ്രി സെൽഷ്യസ്, ഡിഗ്രി ഫാരൻഹീറ്റ്
c) ബാരോമീറ്റർ
d) ഹെക്ടോപാസ്ക്കൽ , മില്ലിബാർ
e) അനിമോമീറ്റർ
f) വിൻഡ്‌വെയ്ൻ
g) ആർദ്രത
h) ഹൈഗ്രോമീറ്റർ

## XIII ഭൂപട പഠനം





**തന്നിട്ടുള്ള ഭൂപടം നോക്കി താഴെ കൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്കുത്തരം കണ്ടെത്താമോ?**


1. ഒന്നു മുതൽ പത്ത് വരെ അടയാളപ്പെടുത്തിയ നദികൾ ഏതെല്ലാം ?
2. ഇവയിൽ ഹിമാലയൻ നദികൾ ഏതെല്ലാം ?
3. ഉപദ്വീപീയ നദികൾ ഏതെല്ലാം ?

4. ബംഗാൾ ഉൾക്കടലിൽ പതിക്കുന്ന നദികൾ ഏതെല്ലാം ?
5. അറബിക്കടലിൽ പതിക്കുന്നവ ഏതെല്ലാം ?
6. ഇന്ത്യയുടെ ദേശീയ നദി ഏത്?
7. പാകിസ്ഥാന്റെ ജീവനാഡി എന്നു വിശേഷിപ്പിക്കുന്ന നദി ഏത്?
8. 'A' ഏത് കടൽ ?
9. 'B' ഏത് കടൽ ?
10. 'C' ഏത് സമുദ്രം ?
11. 'D' ഏത് ദ്വീപ് ?
12. 'E' ഏത് ദ്വീപ് ?
13. 'F' ഏത് പ്രദേശം ?
14. 'G' ഏത് തുറമുഖം ?
15. 'H' ഏത് സംസ്ഥാനം ?

**XIV** <u>താഴെ കൊടുത്തിരിക്കുന്ന ഫ്ളോചാർട്ട് പൂർത്തിയാക്കാമോ</u>



**XV** <u>**ഇല ചാർത്ത് നിറയ്ക്കാമോ ?**</u>




# സാമൂഹ്യശാസ്ത്രം - മാതൃകാ ചോദ്യങ്ങൾ


1. ദേശീയഗ്രാമീണ ഉപജീവന മിഷൻ 'കേരളത്തിൽ ഏത് പേരിലറിയപ്പെടുന്നു ?

   a) അന്ത്യോദയ b) കുടുംബശ്രീ c) അന്നപൂർണ്ണ d) മഹാത്മാ ഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

2. പൊതുവിതരണകേന്ദ്രങ്ങൾ - i) ന്യായവില ഉറപ്പാക്കുന്നു ii) വില നിയന്ത്രിക്കുന്നു iii) ഭക്ഷ്യ സുരക്ഷ ഉറപ്പാക്കുന്നു.

   a) i മാത്രം ശരിയാണ് b) ii ശരിയല്ല c) മൂന്ന് പ്രസ്താവനകളും ശരിയല്ല
   d) മൂന്ന് പ്രസ്താവനകളും ശരിയാണ്

3.




A യി ൽ നിന്നും B യിലേക്ക് സഞ്ചരിക്കുന്ന ഒരാൾ ഏത് ദിശയിലേക്കാണ് സഞ്ചരിക്കുന്നത് ?

a) വടക്ക് b) വടക്ക് - കിഴക്ക് c) തെക്ക് - പടിഞ്ഞാറ് d) തെക്ക് - കിഴക്ക്

4. ഗ്ലോബിൽ കാണുന്ന അർദ്ധവൃത്തങ്ങൾ ഏത് പേരിൽ അറിയപ്പെടുന്നു ?

a) അക്ഷാംശ രേഖകൾ b) ധ്രുവം c) രേഖാംശ രേഖകൾ d) ഭൂമദ്ധ്യ രേഖ

5. നദീതടസമതലങ്ങൾ ഏത് തരം മണ്ണിനാൽ സമൃദ്ധമാണ് ?

a) എക്കൽ മണ്ണ് b) കരിമണ്ണ് c) ചെമ്മണ്ണ് d) മണൽ മണ്ണ്

6. കോൺസ്റ്റാന്റിനോപ്പിൾ ഇന്ന് ഏതു പേരിലറിയപ്പെടുന്നു ?

a) അങ്കാറ b) ഇസ്താംബൂൾ c) ജറുസലേം d) കയ്റോ

7. ഉത്തരായന രേഖ കടന്നു പോകാത്ത ഇന്ത്യൻ സംസ്ഥാനമേത് ?

a) മധ്യപ്രദേശ് b) പശ്ചിമ ബംഗാൾ c) ഉത്തരാഞ്ചൽ d) ഗുജറാത്ത്

8. ഇന്ത്യയുടെ കിഴക്കൻ തീരത്തെ ഒരു തുറമുഖ പട്ടണം ?

a) കാണ്ട്ല b) വിശാഖപട്ടണം c) മംഗലാപുരം d) കൊച്ചി

9. കൂട്ടത്തിൽ പെടാത്തത്?

a) കുന്ദലത b) ഹോർത്തുസ് മലബാറിക്കസ് c) അധ്യാത്മ രാമായണം

d) മാർത്താണ്ഡവർമ്മ

10. താഴെ തന്നിരിക്കുന്നവയെ വ്യക്തികൾ, കണ്ടുപിടുത്തങ്ങൾ / സൃഷ്ടികൾ, മേഖല എന്നീ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ തരം തിരിക്കുക.

( കോപ്പർ നിക്കസ്, ശില്പവിദ്യ, അന്ത്യവിധി, ഗട്ടാ മെലീത്ത, വാനനിരീക്ഷണം, ദൊണാറ്റെലോ, ചിത്രകല, സൗരയൂഥം സിദ്ധാന്തം, മൈക്കൽ ആഞ്ചലോ )

11. പട്ടിക പൂർത്തിയാക്കുക

| | | |
|---|---|---|
| | മറാത്ത | |
| | വയനാട് | |
| ബീഹാർ | | സന്താളുകൾ |
| മഹാരാഷ്ട്ര | | കോലികൾ |

12. ബ്രിട്ടീഷ് ഭരണവുമായി ബന്ധപ്പെട്ട ചോർച്ചാ സിദ്ധാന്തം ആവിഷ്കരിച്ചതാര്?

a) ഫിറോസ് ഷാ മേത്ത b) ദാദാഭായ് നവറോജി c) ബാലഗംഗാധര തിലകൻ

d) മഹാത്മാഗാന്ധി

13. വ്യത്യസ്ഥ മേഖലകളിൽപെട്ട സാമ്പത്തിക പ്രവർത്തനങ്ങൾ നടക്കുന്നു. തുണിനെയ്ത് ഏത് മേഖലയിൽ പെടുന്നു ?

a) പ്രഥമികം b) ദ്വിതീയം c) തൃതീയം d) ഇവയൊന്നുമല്ല

14. കേരളത്തിലെ ഒരു ഡച്ച് വാണിജ്യകേന്ദ്രം

a) തലശ്ശേരി b) മാഹി c) കൊല്ലം d) കോഴിക്കോട്

15. ഫ്ളയീംഗ് ഷട്ടിൽ ഏത് മേഖലയുമായി ബന്ധപ്പെട്ടിരിക്കുന്നു ?

a) ഗതാഗതം b) വസ്ത്രനിർമ്മാണം ം c) വാഹനനിർമ്മാണം d) സമുദ്ര സഞ്ചാരം

ANSWER KEY

1. b 2. d 3. d 4. c 5. a 6. b 7. c 8. b 9. b

10

| വ്യക്തികൾ | കണ്ടുപിടുത്തങ്ങൾ/ സൃഷ്ടികൾ | മേഖല |
|---|---|---|
| കോപ്പർനിക്കസ് | സൗരയൂഥ സിദ്ധാന്തം | ജ്യോതിശാസ്ത്രം |
| ദൊണാറ്റലോ | ഗട്ടാ മെലീത്ത | ശില്പവിദ്യ |
| മൈക്കൽ ആഞ്ചലോ | അന്ത്യവിധി | ചിത്രകല |

11.

| | | |
|---|---|---|
| മഹാരാഷ്ട്ര | മറാത്ത | ഭീലുകൾ |
| കേരളം | വയനാട് | കുറിച്യർ |
| ബീഹാർ | രാജ്മഹൽ കുന്നുകൾ | സന്താളുകൾ |
| മഹാരാഷ്ട്ര | അഹമ്മദ് നഗർ | കോലികൾ |

12. b 13. b 14. c 15. b

## മാതൃകാ ചോദ്യങ്ങൾ.

1) ഉത്തരായനരേഖ, ഭൂമധ്യരേഖ, ദക്ഷിണായന രേഖ, ഈ മൂന്ന് അക്ഷാംശരേഖകളും കടന്നുപോകുന്ന ഏക വൻകര ഏത്?
   a) തെക്കെ അമേരിക്ക b) ആഫ്രിക്ക c) ഏഷ്യ d) ഇവയൊന്നുമല്ല
2) ലോകത്തിൽ ഏറ്റവും കൂടുതൽ മഴ ലഭിക്കുന്ന ചിറാപുഞ്ചി ഏത് സംസ്ഥാനത്താണ് ?
   a) നാഗാലാന്റ് b) ആസ്സാം c) മേഘാലയ d) സിക്കിം
3) ക്വിറ്റ് ഇന്ത്യാ സമരനായിക എന്ന് ഗാന്ധിജി വിശേഷിപ്പിച്ചതാരെ?
   a) അരുണാ ആസിഫലി b) ക്യാപ്റ്റൻ ലക്ഷ്മി c) സരോജിനി നായിഡു
   d) എ.വി.കുട്ടിമാളു അമ്മ
4) എഴുതപ്പെട്ട ഭരണഘടനയുള്ള രാജ്യമേത് ?
   a) യു.എസ്.എ b) യു.കെ c) ഫ്രാൻസ് d) ഇസ്രയേൽ
5) നിരവധി സാമൂഹ്യനവീകരണ പ്രസ്ഥാനങ്ങൾ ജന്മമെടുത്ത നാടാണ് ഭാരതം. താഴെ കൊടുത്ത സൂചനകളിൽ തെറ്റായത് ഏത്?
   a) 'ബ്രഹ്മസമാജ'ത്തിന്റെ സ്ഥാപകൻ രാജാറാം മോഹൻറായ് ആണ്.
   b) വേദങ്ങളിലേക്ക് മടങ്ങുക എന്നത് ആര്യസമാജത്തിന്റെ മുദ്രാവാക്യമാണ്. .
   c) 'അലിഗഡ് ' പ്രസ്ഥാനത്തിന്റെ സ്ഥാപകൻ സർ സയ്യിദ് അഹമ്മദ് ഖാനാണ്.
   d) 'രാമകൃഷ്ണമിഷൻ' സ്ഥാപിച്ചത് ശ്രീരാമകൃഷ്ണപരമഹംസർ ആണ്.
6) 'ലോകമാന്യ' എന്നറിയപ്പെട്ട ദേശീയ നേതാവ് ബാലഗംഗാധര തിലകൻ ആണ്. എന്നാൽ 'മഹാമാന്യ' എന്നറിയപ്പെട്ടത് ആര്?

a) ഗോപാലകൃഷ്ണ ഗോഖലെ b) മദൻ മോഹൻ മാളവ്യ c) മഹാദേവഗോവിന്ദ റാനഡെ d) ദാദാഭായ് നവറോജി

7) ഏത് സാമ്പത്തിക പ്രവർത്തനങ്ങളാണ് 'തൃതീയ' മേഖലയിൽ ഉൾപ്പെടാത്തത്?

a) ബാങ്കിംഗ് & ഇൻഷൂറൻസ് b) ഗതാഗതവും വ്യാപാരവും c) മൃഗസംരക്ഷണവും വനപരിപാലനവും d) ഐ.ടി യും വിദ്യാഭ്യാസവും

8) 'വിദ്യയും വിത്തവും' ഉണ്ടെങ്കിലേ മനുഷ്യപുരോഗതി സാധ്യമാവൂ എന്ന് പറഞ്ഞ സാമൂഹ്യപരിഷ്ക്കർത്താവ് ആര് ?

a) ചട്ടമ്പി സ്വാമികൾ b) വൈകുണ്ഠ സ്വാമികൾ c) വാഗ്ഭടാനന്ദൻ d) അയ്യങ്കാളി

9) ശ്രീനാരായണ ഗുരു രചിച്ച ഏതു കൃതിയുടെ ശതാബ്ദി യാണ് 2014-ൽ ആഘോഷിച്ചത്?

a) ആത്മോപദേശശതകം b) ദൈവശതകം c) ദൈവദശകം d) ദർശനമാല

10) കൂട്ടത്തിൽ പെടാത്ത ജോടി ഏത് ?

a) ഋതുമതി - എം.പി. ഭട്ടതിരിപ്പാട് b) മറയ്ക്കുള്ളിലെ മഹാനരകം - എം.ആർ. ഭട്ടതിരിപ്പാട് c) കണ്ണീരും കിനാവും - വി.ടി. ഭട്ടതിരിപ്പാട് d) അടുക്കളയിൽ നിന്നും അരങ്ങത്തേക്ക് - വി.ടി. ഭട്ടതിരിപ്പാട്

11) ഗാന്ധിജിയുടെ നേതൃത്വത്തിൽ നടന്ന ചില പ്രധാന സമരങ്ങളാണ് 1. ക്വിറ്റ് ഇന്ത്യാ സമരം 2. നിസ്സഹകരണ പ്രസ്ഥാനം 3. ചമ്പാരൻ സമരം 4. നിയമലംഘന പ്രസ്ഥാനം ഇവയുടെ ശരിയായ കാലക്രമമേത് ?

a) 1 2 3 4 b) 2 3 4 1 c) 3 2 4 1 d) 4 1 2 3

12) തെറ്റായ ജോടി ഏത് ?

a) റാണിഗൈഡിലിയു - നാഗന്മാരുടെ റാണി b) അരുണ ആസഫലി - ക്വിറ്റ് ഇന്ത്യാ സമര നായിക c) എ.വി. കുട്ടിമാളു അമ്മ - കേരള ഝാൻസി റാണി d) സരോജിനി നായിഡു - ഇന്ത്യയുടെ വാനമ്പാടി

13) ഭാരതത്തിലെ ഏറ്റവും വലിയ സിവിലിയൻ പുരസ്കാരമാണ് 'ഭാരതരത്നം' 2014 ഡിസംബർ 24 ന് ഭാരതരത്നം നൽകാൻ തീരുമാനിച്ചത് ആർക്കെല്ലാം ?

a) എ.ബി.വാജ്പേയ്, എൽ.കെ.അദ്വാനി b) നരേന്ദ്രമോഡി, എ.ബി. വാജ്പേയ്

c) മദൻമോഹൻ മാളവ്യ, എ.ബി.വാജ്പേയ് d) ഇവരാരുമല്ല

14) ജനങ്ങൾ നേരിട്ട് ഭരണത്തലവനെ തിരഞ്ഞെടുക്കുന്ന സംവിധാനമാണ് പ്രസിഡൻഷ്യൽ ഭരണസമ്പ്രദായം. ഈ സമ്പ്രദായത്തിലൂടെ തെരഞ്ഞെടുക്കപ്പെട്ട ഭരണാധികാരി ആര്?

a) ബറാക്ക് ഒബാമ b) പ്രണാബ് മുഖർജി c) നവാസ് ഷെരീഫ് d) ഹസീന വാജിദ്

15) ഇന്ത്യൻ ഭരണഘടനയിലെ മൗലികാവകാശങ്ങളിൽ ഉൾപ്പെടാത്തതേത്?

a) സമത്വത്തിനുള്ള അവകാശം b) സ്വത്ത് കൈവശം വെക്കാനുള്ള അവകാശം

c) ചൂഷണത്തിനെതിരെയുള്ള അവകാശം d) മതസ്വാതന്ത്ര്യത്തിനുള്ള അവകാശം

16) ഇന്ത്യയുടെ പരമോന്നത നിതിപീഠമായ സുപ്രീം കോടതിയുടെ ചീഫ് ജസ്റ്റീസ് പദവിയും കേരള ഗവർണർ സ്ഥാനവും വഹിച്ച വ്യക്തി ആര് ?

a) ജ. വി.ആർ.കൃഷ്ണയ്യർ b) ജ. കെ.ജി.ബാലകൃഷ്ണൻ c) ജ. പി. സദാശിവം

d) ജ. എ.എസ് ആനന്ദ്

ANSWER KEY

## II പ്രകാശഗോപുരങ്ങൾ

1. വൈകുണ്ഠ സ്വാമികൾ
2. ദൈവദശകം
3. ചട്ടമ്പി സ്വാമികൾ
4. അയ്യങ്കാളി
5. കളവൻകോടം(ആലപ്പുഴ)
6. ശ്രീനാരായണഗുരു
7. ശ്രീരാമകൃഷ്ണപിള്ള
8. വി.ടി.ഭട്ടതിരിപ്പാട്, എം. ആർ. .ഭട്ടതിരിപ്പാട്, എം.പി.ഭട്ടതിരിപ്പാട് (പ്രേംജി),
9. അടുക്കളയിൽനിന്നുംഅരങ്ങത്തേക്ക് -
   വി.ടി മറക്കുടയ്ക്കുള്ളിലെമഹാനരകം - എം.ആർ.ബി
   ഋതുമതി - പ്രേംജി
10. ആര്യാ പള്ളം, ദേവകി നരിക്കാട്ടിരി, പാർവ്വതി നെൻമേനിമംഗലം
11. സഹോദരൻ അയ്യപ്പൻ
12. പണ്ഡിറ്റ് കെ.പി. കറുപ്പൻ
13. ബാസൽ ഇവാഞ്ചലിക്കൽ മിഷൻ

## IX

1. NITI ആയോഗ്
2. നാഷണൽ ഡയലോഗ് ക്വാർട്ടെറ്റ് (ടുണീഷ്യ)
3. നിലൂഫർ ഡെമിർ
4. സാനിയ മിർസ
5. നസീം സെയ്ദി
6. എച്ച്. എ. ദത്തു (2015 ഡിസം.2 മുതൽ ടി.എസ്. താക്കൂർ )
7. റിച്ചാർഡ്സ് ഹേ
8. പി.ആർ. ശ്രീജേഷ് (ഹോക്കി)
9. 1997
10. വിവരാവകാശ നിയമം